"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകപ്പ് - നഗരകാര്യം- ജീവനക്കാര്യം - ശ്രീ.അനസ്.കെ.എൻ. - സീനിയർ ക്ലർക്ക്, മുനിസിപ്പൽ കോർപ്പറേഷൻ കണ്ണൂർ - കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1209/2026/LSGD തീയതി,തിരുവനന്തപുരം, 01-07-2026

---

പരാമർശം:- 1. സ.ഉ(സാധാ)നം.213/2026/LSGD തീയതി 27.01.2026

2. കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 19.05.2026 തീയതിയിലെ MKC-52/2026 നം. കത്ത്.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.06.2026-ലെ LSGD/PD/16624/2026-DEC2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയിലേക്ക് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.അനസ്.കെ.എൻ നെ നിയമിക്കുന്നതിന് കണ്ണൂർ കോർപ്പറേഷൻ മേയർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമിതനായ ശ്രീ.പി.കൃഷ്ണൻ എന്നവർ സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ, ടി ഒഴിവിലേയ്ക്ക് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ സീനിയർ ക്ലർക്കായ ശ്രീ.അനസ്.കെ.എൻ-നെ നിയമിക്കണമെന്നുള്ളതാണ് കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ മേയറുടെ ആവശ്യം. ശ്രീ.അനസ്.കെ.എൻ-ന് മേൽ തസ്തികയിൽ നിയമനം നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.അനസ്.കെ.എൻ നെ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ കേരള സേവന ചട്ടങ്ങൾ ഭാഗം I ചട്ടം 144 ലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്ന് വിലക്ക് ഏർപ്പെടുത്തേണ്ടതുമാണ്. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

മേയർ, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
സെക്രട്ടറി, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.അനസ്.കെ.എൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 01-07-2026 11:10:17

സെക്ഷൻ ഓഫീസർ